

സ്മൃതി
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

# എസ്.എൻ.എം.എച്ച്.എസ്.എസ്
# മൂത്തകുന്നം





സൂര്യൻ  ഉദിക്കുമ്പോൾ ഇരുട്ട് മാറിപ്പോകുന്നത് പോലെ
അറിവുദിക്കുമ്പോൾ അജ്ഞതയും മാറിപ്പോകുന്നു

- ശ്രീ നാരായണ ഗുരു



# ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ, ഭവാബ്ധിക്കൊ-
രാവിവൻതോണി നിൻപദം"

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം"

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സൃഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും

നീ സത്യം ജ്ഞാനമാനന്ദം
നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക.

ജയിയ്ക്കുക മഹാദേവ,
ദീനവന പരായണാ,
ജയിയ്ക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിയ്ക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യ
വാഴണം വാഴണം സുഖം.




# ആശംസ

## ലത.യു.കെ(ഹെഡ്മിസ്ട്രസ്സ്)

2018-19 അദ്ധ്യന വർഷത്തിൽ ആരംഭിച്ച

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കുട്ടികളിലെ കമ്പ്യൂട്ടർ

പരിജ്ഞാനം വളർത്താൻ ഏറെ

സഹായകമാകുന്നു. യൂണിറ്റിലെ വിദ്യാർഥികൾ

തയ്യാറാക്കിയ

ഡിജിറ്റൽ മാഗസിൻ വളരെ മനോഹരമായിരിക്കുന്നു.

കുട്ടികളുടെ

സർഗാത്മക രചനകളും ലേഔട്ടും മനോഹരമായിരിക്കുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും

അഭിനന്ദനങ്ങൾ

നേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

Little KITEs

## പ്രസിദ്ധീകരിക്കുന്നവർ

ഹെഡ്മിസ്ട്രസ്സ്
യു കെ ലത

ലിറ്റിൽ കൈറ്റ്സ് എഡിറ്റേഴ്സ്
ദിവ്യ പി ടി
ജാസ്മിൻ കെ എ

മാഗസിൻ എഡിറ്റർ
രസിത എം ആർ

സബ് എഡിറ്റേഴ്സ്
റോഷ്നി
ആദർശ്
ആഷിൽ
അനന്തകൃഷ്ണൻ
ഷാരോൺ

# ഉള്ളടക്കം


ആമുഖം

ലിറ്റിൽ കൈറ്റ്സ്

പ്രളയം ഒരു തിരിഞ്ഞുനോട്ടം

മൂത്തകുന്നം ചരിത്രത്തിന്റെ നാൾവഴിയിലൂടെ

പ്രകൃതി ദുരന്തം

മണ്ണ്-ജീവിതം

എൻ പ്രപഞ്ചം

മയിൽ

യാത്ര

എൻ ഭൂമി

വെറു തെയായ് കാത്തൊന്നു നിൽക്കേ

അശ്രു കണങ്ങൾ

ജീവിതം

ദോശമാവിന്റെ രോദനം

എൻ കേരളനാട്

നിലാവ്

മാതൃഭൂമി

സ്വപ്നങ്ങൾക്കായൊരു സ്വപ്നം

എന്റെ ബാല്യം

ചിത്രങ്ങൾ

ഒരു ഒറ്റക്കണ്ണിയുടെ കഥ

കലുഷിതം

**Motivational Quotes**

**Grief**

**A Dream**

നന്ദി

# <u>ആമുഖം</u>

സ്മൃതിയുടെ ആഴങ്ങളിൽ നിന്ന് തപ്പിയെടുത്ത മുത്തുകളും പവിഴങ്ങളും
ആധുനിക സാങ്കേതിക വിദ്യയുടെ അകമ്പടിയോടെ
ഞങ്ങൾ ഇവിടെ സമർപ്പിക്കുകയാണ്.ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികളുടെ
അഹോരാത്രമായ പരിശ്രമമാണ് ഇതിന്റെ
പിന്നിലുള്ളത്.ഈ ആധുനികയുഗത്തിൽ
സാങ്കേതിക പരിജ്ഞാനമില്ലാതെ ജീവിക്കുകയയെന്നത്
വളരെ ദുഷ്കരമാണ്.ഈ യാന്ത്രികലോകത്ത്
മൂല്യങ്ങൾ ഉയർത്തി പിടിക്കേണ്ടതിന്റെ ആ
വശ്യകതയെകുറിച്ചും
ഊന്നിപ്പറയുന്ന അനേകം
മഹാരഥൻമാർ
കടന്നുപോയ വഴിയിലൂടെയുള്ള തിരിഞ്ഞുനോട്ടമാണിത്.ചെറിയ
ചുവടുവെപ്പിലൂടെ വൻമുന്നേറ്റത്തിലേക്ക്
കുതിക്കുന്ന ഒരു സംരംഭമാണിത്.

# ലിറ്റിൽ കൈറ്റ്സ്



**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൈറ്റ് മിസ്ട്രസ്സ്മാരോടൊപ്പം**




**ഡിജിറ്റൽ മാഗസിൻ എഡിറ്റോറിയൽ അംഗങ്ങൾ**

little KITEs








SMART ROOM











# മൂത്തകുന്നം-ചരിത്രത്തിന്റെ നാൾവഴിയിലൂടെ

വിശ്വഗുരുവായ ശ്രീനാരായണഗുരുദേവന്റെ തൃപ്പാദസ്പർശമേൽക്കാൻ മൂത്തകുന്നം
പ്രദേശത്തിന് അനേകം തവണ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.1905ൽ
ശ്രീനാരായണഗുരു സ്വാമികൾ
ശ്രീനാരായണമംഗലം ക്ഷേത്രത്തിൽ ശിവപ്രതിഷ്ഠ നടത്തി.
ക്ഷേത്രത്തിന് മുന്നിലൂടെ പെരിയാറിന്റെ കൈവഴി ശാന്തമായൊഴുകുന്നു.
കൈവഴിയോട് ചേർന്നുള്ള ഗുരുദേവ മണ്ഡപം അരയാലിലകളിലൂടെ
ശബ്ദകോശംകൊണ്ട് ഭക്തരുടെ മനസ്സിനെ പവിത്രീകരിക്കുന്നു.വിദ്യകൊണ്ട് പ്രബുദ്ധരാകനുള്ള
ശ്രീനാരായണ ഗുരുദേവന്റെ ഉപദേശം പൂർണ്ണാർത്ഥത്തിൽ ഉൾക്കൊണ്ട്
എച്ച്.എം.ഡി.പി.സഭ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ മൂത്തകുന്നം ഗ്രാമത്തിനു
ചുറ്റുമുള്ള പ്രദേശങ്ങൾക്കും വിജ്ഞാനകേന്ദ്രമായി വർത്തിക്കുന്നു.
മഹാകവി കുമാരനാശാൻ അന്നത്തെ ദിവാൻജി സർ സി.വി രാമസ്വാമി
അയ്യർക്കയച്ച നിവേദനത്തിന്റെ ഫലമായി മൂത്തകുന്നത് വിദ്യാലയം
നടത്തുവാൻ എച്ച്.എം.ഡി.പി.സഭയ്ക്ക് അനുവാദം ലഭിച്ചു.26-07-1922ൽ ആർ.ഈശ്വരപിള്ളയുടെ
അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് എസ്.എൻ.എം.ഇംഗ്ലീഷ് മീഡിയം സ്കൂൾ
ഉദ്ഘാടനം ചെയ്യപ്പെട്ടു.പിന്നീട് 1953ൽ എസ്.എൻ.എം.ട്രെയിനിംഗ് സ്കൂൾ,
1960ൽ എസ്.എൻ.എം.ട്രെയിനിംഗ് കോളേജ്,1964ൽ
എസ്.എൻ.എം.എൽ.പി സ്കൂൾ മാല്യങ്കര,
1964ൽ എസ്.എൻ.എം ആർട്ട്സ് & സയൻസ് കോളേജ് ,
1979ൽ എസ്.എൻ.എം.ഐ.ടി.സി,1998ൽ
എ.എൻ.എം. ഹയർ സെക്കണ്ടറി സക്കൂൾ, 2001ൽ എസ്.എൻ.എം. സ്വാശ്രയ കോളേജ്,
2002ൽ എസ്.എൻ.എം. എൻജിനിയറിംഗ് കോളേജ്,2004 ൽ
എസ്.എൻ.എം. പബ്ലിക്ക് സ്കൂൾ ,2005എസ്.എൻ.എം.എം.എഡ്.കോളേജ് ,
2018ൽ എസ്.എൻ.എം.പോളിടെക്ക്നിക്ക് വരെ എത്തിനില്ക്കുന്നു.
കേരളത്തിലങ്ങോളമിങ്ങോളമുള്ള വിജ്ഞാനദാഹികൾക്ക്
തീർത്ഥജലമായി ഈ സ്ഥാപനങ്ങൾ നില കൊള്ളുന്നു.ഒരു സംഘടന,അതിന് കീഴിൽ ഒരു
ക്ഷേത്രം അതോടനുബന്ധിച്ച് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ
ഈയൊരു പ്രത്യേകത മൂത്തകുന്നം ഗ്രാമത്തിന് സ്വന്തം.
ഇവിടെ നിന്നും വിദ്യനേടി പോയവർ വിവിധ കോണുകളിൽ
സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ വിരാചിക്കുന്നു.

# പ്രകൃതി ദുരന്തം



**കേരളംഇതുവരെ നേരിട്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമാണ് 2018 ആഗസ്റ്റ് 13 ന് ശേഷം സംഭവിച്ചത്. ഒരായുസ്സ മുഴുവൻ കഷ്ടപ്പെട്ടതെല്ലാംഒരു നിമിഷം കൊണ്ട് നഷ്ടപ്പെടുന്നത് കൺ മുന്നിൽ കണ്ടവരാണ് നമ്മൾ.**



**എന്നാൽ കേരളം ഒരേമനസ്സോടെ ദുരന്തത്തെ നേരിട്ടു.ലോകത്തിനു തന്നെയും മാതൃകയായി ഇത്തരത്തിൽ അപ്രതീക്ഷിതമായി വരുന്നദുരന്തങ്ങളെ മുന്നിൽ കണ്ട് നേരിടാൻ നമ്മൾ തയ്യാറാകണം.**



# മണ്ണ് - ജീവിതം

മനുഷ്യന്റെ ജീവിതം പച്ചപിടിക്കുന്നത് മണ്ണിലാണ്.മണ്ണാണ് നമ്മുടെ അന്നം.മണ്ണിന്റെ ചൈതന്യം നശിച്ചാൽ അത് നമ്മുടെ സംസ്കാരത്തെ തന്നെ ബാധിക്കും.ഇന്ന് മണ്ണിനെ പല രീതിയിലും വിഷലിപ്തമാക്കുന്ന കാര്യങ്ങളാണ് നടക്കുന്നത്.മണ്ണിന്റെ കാവലാളാകാൻ നമുക്ക് കഴിയണം. മണ്ണിനെ ജീവനുള്ള ,ജീവൻ നിറഞ്ഞ ഒരു ആവാസവ്യവസ്ഥയായി കണ്ടാലേ നമുക്ക് മണ്ണിനെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

little KITEs

# <u>എൻ പ്രപഞ്ചം</u>

അറിവിന്റെ പുസ്തകതാളു പ്രപഞ്ചം
അറിവിന്റെ സൂര്യതേജസ്സെൻ പ്രപഞ്ചം
താരകം തിങ്ങിയ വിണ്ണിൽ വിടർന്നൊരു
ചന്ദ്രികയാണെൻ പ്രപഞ്ചം തണ്ണീർനിറഞ്ഞകുളത്തിൽ വിടർന്നൊരു
താമരപ്പൂവെൻ പ്രപഞ്ചം
അറിവിനെ കൃഷ്ണതുളസിയിലതുമ്പിൽ
പോലുമെന്നുമുണരും പ്രപഞ്ചം
പൂമുല്ലമൊട്ടുപോൽ എന്നും അറിവിൻ സുഗന്ധം ചൊരിയും പ്രപഞ്ചം
ആദിത്യതേജസാണെന്റെ പ്രപഞ്ചം
ആദ്യാക്ഷരമാണെൻ പ്രപഞ്ചം
അമ്മയാകീടുന്ന സ്നേഹം പ്രപഞ്ചം
ഒരുമയായീടും പ്രപഞ്ചം

അഖില വേണു **8 B**



# മയിൽ

മയിലെ മയിലെ നീ വരുമൊ

എന്നുടെക്കൂടെ നീവരുമൊ

നിന്റെ ഒരു പീലി  തരുമൊ


മഴയത്ത് പീലിനിവർത്തി ഒന്നാടാമൊ

മയിലെ മയിലെ നീ വരുമൊ

എന്നുടെക്കൂടെ നീവരുമൊ

അനാമിക. എ. എ

5 C



# യാത്ര

സഹ്യസാനുവിൽ നീർച്ചാലുകളായി നീ
തുള്ളിത്തുള്ളി ജലധാരയായ് നീർച്ചാലിലൂടെ ഒഴുകി
ആരണ്യത്തിൻ ച്ചോട്ടിലൂടെ കൂലംക്കുത്തിപ്പാഞ്ഞു
വലിയ ജലധാരയായ് താഴോട്ടൊഴുകും നീ
നിന്നൊഴുക്കിൽ നിൻകൂടെചേരാൻ
ജീവന്റെ കണികകളെത്ര
നിന്നൊഴുക്കിനാൽ സംപുഷ്ട്ടമായ
ജൈവവൈവിധ്യ കൃഷിയിടങ്ങളെത്ര
നിന്നെ പ്രണയിച്ച മാനുഷരെത്ര
നിന്നെ വർണ്ണിച്ച തൂലികയെത്ര
വൻകാടുകളും വൻമേടുകളും താണ്ടി
എവിടെക്കാണു നിൻ സുന്ദര സുരഭിലമാം
സഭലമീ യാത്ര

ആര്യനന്ദ. സന്ദീപ്

# എൻ ഭൂമി

മരങ്ങളും പുഴകളും അരുവികളും
നിറഞ്ഞതണെൻ ഭൂമി
പച്ച വിരിച്ചു കിടക്കുന്നു താഴെ
നീലാകാശം പോലെ എൻ ഭൂമി
എന്തിനെന്നറിയാതെ ഏതിനെന്നറിയാതെ
എല്ലാ പീഡകളെ സഹിക്കുന്നേൻ ഭൂമി
ആരെങ്കിലുമുണ്ടോ പറയാൻ
ആരെങ്കിലുമുണ്ടോ കേൾക്കാൻ
ഇത് കാണാനോ ആരുമില്ല
നിർത്തുമനുഷ്യ! നിന്റെയീക്കളികൾ
നിർത്തുനിന്റെയീപീഡകൾ
എൻ ഭൂമിക്കെതിരെ ഗന്ധർനവ്വലോകത്തെപ്പോലെ
ആയിരുന്ന എൻ ഭൂമിയെ നിയിപ്പോൾ നശിപ്പിച്ചിരിക്കുന്നു.

ശ്രീലക്ഷ്മി
7 എ

# വെറുതെയായ് കാത്തൊന്നു നിൽക്കേ

വെറുതെയായ് ഞാനൊന്നു കാത്തുനിൽക്കേ
ഞാനീ പെരുമഴക്കൊന്നായി വേണ്ടി...
തുള്ളിക്കൊരുകുടംമതിയോ
ഈ നാട്ടിലെദാഹമകറ്റാൻ
മഴയൊന്നുപെയ്യുമ്പോഴല്ലേ
നദികൾ കളകളം പാടിയൊഴുകു....
മഴയൊന്നു പെയ്താലല്ലേ നാട്ടിലെ
വരൾച്ചയെ തടയനാവു...
വെറുതയായ് കാത്തൊന്നു നിൽക്കേ
ഞാനീ പെരുമഴക്കൊന്നായി വേണ്ടി....
തുള്ളിക്കൊരു കുടം മതിയോ
ഈ നാട്ടിലെ ദാഹമകറ്റാൻ

ശ്രീഭദ്ര
6 ഡി

# അശ്രു കണങ്ങൾ



എൻ മിഴിയിൽ നിറയുന്ന
ജലബിന്ദുവേ നിന്നെ
ഞാനെന്തു വിളിക്കും

അരുവിയായ് ഒഴുകി നീ ചുടുകവിളിൽ തലോ-
ടുമ്പോൾ അറിയാതെ ചുണ്ടകൾ വിതുമ്പീതുന്നു
കൺകളിൽ കത്തുന്ന ജ്വാലയെ കൊല്ലുവാൻ
കഴിയാതെ കഴുകുന്ന പുഴയാണ് ഞാൻ
വനം നയിക്കുന്ന കാർമേഘതേരിലെ
തിളങ്ങും വെള്ളി മുത്താണു ഞാൻ
പുഞ്ചിരിയോടൊത്ത് സ്നേഹിച്ചിടും നേരം
ദുഃഖമെന്നെ സ്വന്താക്കീടുന്നു
കൺപീലി എന്നെ തലോടിടും നേരം
അറിയാതെ ഞാൻ വഴുതി മാറിടുന്നു
കണ്ണുനീർ തുള്ളി നീ പുതുപ്രതീക്ഷതൻ
കുളിർ മഴയായ് ഈ ധരണിയിൽ പതിക്കുമോ

ദേവിക

10 സി

## ജീവിതം

ജീവിതമെന്നൊരു യാഥ്യാർത്യം തൻ
ആന്മന്ദയൊരു തീക്ഷ്ണതയായ്
മനസ്സിന്നക്കരെ കടുപ്പമേറിയ നിർവൃതിയല്ലോ ജീവിതം
വാസിതമായൊരു മുല്ലപ്പൂവിൻ ഇതളുകളല്ലോ ജീവിതം
ദുർഘടമായൊരു വഴികൾ നൂറും
സന്തോഷത്തിൻ ഇതളുകളായ്
ജീവിതമങ്ങനെ പൂമാലകൾ പോൽ
കോർത്തിണക്കിയ പൂവുകളായ്

രസിത 9 D



# ദോശമാവിന്റ രോദനം

തിളക്കുന്ന എണ്ണയിലേക്ക്

ആരൊ എന്നെ കോരിയൊഴിച്ചു.
വേദനയായ് പുളയുന്ന നേരത്ത്
പരത്തിവലുതാക്കി

പിന്നെ മലർത്തിയിട്ടു –
കൂടാതെ കമിഴ്ത്തിയും
രക്ഷപ്പെടാൻ ശ്രമിച്ച എന്നെ
പരത്തിവലുതാക്കി
അവരുടെ പല്ലുകൾ അത്ര ക്രൂരമാണ്
അവർ അത്ര ക്രൂരതയാണ്
എന്നോട് ചെയ്തത്
പിന്നെയെന്നെ കടിച്ചും മുറിച്ചും കൊന്നു

ശിവപ്രിയ



# എൻ കേരളനാട്

കേരള നാട് മലയാള നാട്

മലയാള ഭാഷതൻ പിറന്നനാട്

സത്യത്തിൻ നാട് അറിവിൻ നാട്

സത്യസ്വരൂപമാം പൊൻ നാട്

വൃക്ഷ സമൃദ്ധിയാൽ എൻ കേരളം

പൂത്തുലഞ്ഞിങ്ങനെ നിൽക്കയല്ലോ

അറിവിന്റെ ജാലകമൂതുന്നനാട്

സുന്ദര മുഖം കാണിക്കും നാട്

അനശ്വര

# നിലാവ്

നറു ചിരി വിതറാൻ
ചിരിയൊളി പകരാൻ
വിരുന്നെത്തിയിന്നു
വിണ്ണിൽ നിന്നീ വെണ്ണിലാവ്
ഇരിവിന്നിരുളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ ചാരത്തായണയും

സഖിയേ.....സഖിയേ.....
മണ്ണിന്നിരുളകലാൻ
കണ്ണിൽ കാഴ്ചകൾ തെളിയും

നിലാതൂവലഴകെ......
നിറ നിലാ കുടവുമായെന്നുമെൻ
അരികിലണയുമോ സഖിയെ

വൈഗ

5 B

# മാതൃഭൂമി

ഹരിതമാം വർണ്ണവും

പ്രകൃതിയാം ശോഭയും

ഉള്ളതാണെൻ ഭൂമി

എൻ മാതൃഭൂമി

ഗന്ധർവ്വഗീതങ്ങൾ

പാടിമുഴങ്ങിയ

ശോഭയാണെൻഭൂമി

എൻ മാതൃഭൂമി

കളകളമായൊഴുകുന്ന

പുഴകളും തടാകങ്ങളും

ഉള്ളതാണെൻ ഭൂമി

എൻ മാതൃഭൂമി

ആര്യനന്ദ സന്ദീപ്

7 എ

# കാലം തെറ്റിയ
# അതിജീവനം

**കാലത്തിൻ കാലൊച്ച കേൾക്കാൻ**
**കാലത്തിൻ കൂർപ്പിൻ നെടുവീർപ്പുകളും**
**നിശ്വാസങ്ങളും**
**കാലം തെറ്റിയെത്തിയവർഷവും**
**വേനലും**



**കാലം തെറ്റി ഒഴുകിയ**
**പുഴകളും ജീവിതങ്ങളും**
**പ്രകൃതിയുടെ കാലം തെറ്റിയെത്തിയ**
**വൻരോദനങ്ങൾ**
**കേരളക്കരയെ വിഴുങ്ങിയപ്പോൾ**
**സപ്തനാഡികളിലും ഊർജ്ജവുമായ്**
**കേരളക്കരയെ രക്ഷിക്കാൻ എത്തി**
**കടലിന്റെ പുണ്യമായ് മാറിയ**
**കടലിന്റെ മക്കൾ**
**കാലത്തെ അതിജീവിച്ച**
**കേരളത്തിൽ അതിജീവനത്തിന്റെ**
**പാതയൊരുക്കിയ**
**നവകേരള സൃഷ്ടിക്കായ്**
**കൈകോർത്ത ഏവർക്കും**
**കേരള ജനതയുടെ നമസ്കാരം!**
**നമസ്കാരം ! നമസ്കാരം ! നമസ്കാരം !**

**ഷൈനി**

# സ്വപ്നങ്ങൾക്കായൊരു സ്വപ്നം



അതിരുകളില്ലാത്ത
ആകാശ
മേൽക്കൂരയിൽ
ചാഞ്ഞു
കിടന്നൊന്നുറങ്ങാൻ
മോഹം
ആകാശ നീലിമയിലെ
പവിത്ര ജലത്തിൽ
താണിറങ്ങി കുളിക്കാൻ മോഹം
ആരോരുമില്ലന്നറിഞ്ഞ മൈതാനത്തിൽ
തല കുത്തി മറിഞ്ഞു കളിക്കാൻ മോഹം
ആകാശ വീഥിയിൽ ഒഴുകിപ്പറന്ന്
ഹിമാലയ സാനുക്കളെ തഴുകാൻ മോഹം
കാർമേഘ പടലങ്ങളിൽ ചുറ്റിപ്പിണഞ്ഞ്
ഏകാന്ത നാടുകൾ കാണുവാൻ മോഹം
ഏകാന്തതപ്പമാം നീഡത്തിൽ നിന്ന്
കൂടൊന്നു വിട്ടു പറക്കുവാൻ മോഹം
ദേവചൈതന്യം നിറയുമാ മേഘത്തിൽ
നിന്നൊന്നു പോകാതിരിക്കാൻ മോഹം
ഏകാന്തതയുടെ അധിപനായിട്ട്
ഏകാന്തമാനസം നുകരുവാൻ മോഹം
താരകങ്ങൾ ചൊരിയും പ്രകാശം

വാരിയെടുത്തു വിതറുവാൻ മോഹം

ചന്ദ്രമണ്ഡലത്തിലെ മാൻകുട്ടിയോടൊത്ത്

സ്വപ്നം കളിച്ചു കഴിയുവാൻ മോഹം

സ്വപ്നങ്ങളെല്ലാം മോഹങ്ങളായും

മോഹങ്ങളെല്ലാം സ്വപ്നങ്ങളായും

സുഷുപ്തിയിൽ നിന്നാ സുഷുപ്തിയിലേക്ക്

ആഞ്ഞു തുഴഞ്ഞൊന്നു പോയിടാൻ മോഹം

ജാസ്മിൻ

# എന്റെ ബാല്യം

പിച്ചനടക്കുവാനായി പഠിച്ചൊരെൻ
കൊച്ചോർമ്മകൾ പൂത്തുലഞ്ഞ കാലം
മുറ്റത്തെ തൈമാവിൽ നിന്നും
പറിച്ചൊരാ

മാമ്പഴത്തിൻ രുചിയേറും കാലം
മഴയുടെ പാട്ടിലൊന്നോടിക്കളിക്കുവാൻ
വാശിപിടിച്ചു നടന്ന കാലം
മുത്തശ്ശി ചൊല്ലുന്ന കഥയൊന്നു കേൾക്കുവാൻ

ഏറെ കൊതിച്ചു നടന്ന കാലം
അത്തഴമുണ്ണുവാനമ്പിളി മാമനും
കൂട്ടുവരുന്നൊരാ കുഞ്ഞുകാലം
ചേട്ടന്റെ തോളേറിയാനകളിക്കുവാൻ
കൊഞ്ചി നടന്നൊരാ നല്ല കാലം

അമ്മക്കിളിയുടെ നെഞ്ചിൽ ചൂടേറ്റ്
ചഞ്ഞുറങ്ങീടുമാ ബാല്യ കാലം
ഒരുവട്ടം കൂടിയാ ഓർമ്മതൻ പൂമേട്ടിൽ
പാറുന്ന ശലഭമായ് മാറിയെങ്കിൽ..........

നേഹ നിഹിൽ കുമാർ
8 ഇ

## ലിറ്റിൽ കൈറ്റ്സ് അംഗം അഥീനയുടെ ക്യാമറ കണ്ണിലൂടെ......











രാഹുൽ
കെ
രാജീവ്



# ഒരു ഒറ്റക്കണ്ണിയുടെ കഥ

പണ്ട് ഒരു ഒറ്റക്കണ്ണി ഒരു കുന്നിൻ മുകളിൽ താമസിച്ചിരുന്നു. അവൾക്ക് ഏഴാം ക്ലാസിൽ പഠിക്കുന്ന ഒരു മകൻ ഉണ്ടായിരുന്നു. എല്ലാ ദിവസവും അവൻ സ്കൂളിൽ ഭക്ഷണം കൊണ്ടുപോകും. ഒരു ദിവസം അരി വീട്ടിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ആ ദിവസം മകൻ ഭക്ഷണം കൊണ്ടുപോയില്ല. ഒറ്റക്കണ്ണി എവിടെയെക്കെയോപോയി വന്ന് അരിവച്ചശേഷം ഭക്ഷണം ക്ലസിൽ കൊണ്ടുപോയി കൊടുത്തപ്പോൾ എല്ലവരും അവളെ കളിയാക്കി.അവൾനേരെ ക്ലസിൽ കയറി പാത്രം കൊണ്ടുത്ത് തിരിച്ചുവ്ന്നു .പക്ഷേ അവളുടെ മകനെ കുട്ടികൾ ഒറ്റക്കണ്ണിയുടെ മകനെ എന്നു വിളിച്ച് കളിയാക്കി ഇത് സഹിക്കാൻ വയാതെ അവൻ ദൂരദേശത്തേക്ക് നാടുവിട്ടു.അവൻ വലുത്തായി അറിയപ്പെടുന്ന ഒരു ആളായി .അവന്റെ പടം പത്രത്തിലൊക്കെ വന്നു ഒപ്പം അവൻ പഠിച്ച സ്കൂളിന്റെ പേരും അതിൽ കൊടുത്തിരുന്നു. അതു കണ്ട് സ്കൂളിലേക്ക് അവനെ ക്ഷണിച്ചു.അവൻ അവന്റ നാട്ടിലേക്ക്പോയി.

അവന്റ അമ്മ താമസിച്ചിരുന്ന കുന്നിൻമുകളിലേക്ക്പ്പോയി അവൻ അവന്റെ അമ്മയെ കാണാൻ ചെന്നപ്പോഴേക്കും അവന്റ അമ്മ മരിച്ചിരുന്നു.

ജാനകി . 6 D

# കലുഷിതം

ബാല്യകാലം ഏറെ മധുരവും അതിലേറെ കയ്പ്പ് നിറഞ്ഞതും സംഭവബഹുലവുമായിരുന്നു. ചെറുപ്പകാലത്തെ ഒരു സംഭവം ഓർമ്മയിൽ വരുന്നു.

ബാല്യം വിട്ട് കൗമാരത്തിലേക്ക് കടന്നുവോ എന്ന് ഒരു സംശയം . ഏകദേശം പതിനൊന്ന് വയസ്സായി എന്ന് ഒരു ഓർമ്മ മാത്രം ഞാനും അനുജനും തമ്മിൽ പതിനൊന്ന് വയസ്സ് വ്യത്യാസം ഉണ്ട്.

അച്ഛൻ കൊടുങ്ങല്ലൂർ കോവിലകത്തെ ആശ്രിതനായതിനാൽ താമസം കോവിലകം വക വിശാലമായ തൊടിയുടെ ഓരത്ത്. തൊടിയിൽ ഓടിക്കളിക്കുവാൻ സമാനപ്രായക്കാരായ കളിക്കൂട്ടുകാർ ഉണ്ടായിരുന്നു. ഒരു അനുജൻ ജനിച്ചിട്ട് ഏറെ അധികമായില്ല. മാതാപിതാക്കളിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും സ്നേഹവാത്സല്യങ്ങൾ ആവശ്യത്തിലധികം നുകർന്നതു കാരണം പല മണ്ടത്തരങ്ങളിലും ചെന്നു ചാടിയിട്ടുണ്ട് .

ഓണക്കാലത്ത് മുതിന്നവരോടൊപ്പം ഞാനും പൂക്കൾ ശേഖരിക്കാൻ

കൂടാറുണ്ട് . തുമ്പ,മുക്കൂറ്റി,കാക്കപ്പൂ,ചെത്തി,ചെമ്പരത്തി,എന്നിവ

തൊടിയിൽ ധാരാളമായി വളർന്നിരുന്നു ഓരൊ ദിവസവും വൈവിദ്ധ്യങ്ങളായ

പൂക്കളങ്ങൾ ചേച്ചിമാരോടൊപ്പം നിർമ്മിച്ചതിനാൽ പ്രകൃതിയെ

അടുത്തറിയുവാൻ കഴിഞ്ഞു. കൂട്ടത്തിൽ ഏറ്റവും പൊക്കം കുറഞ്ഞതും

വെളുത്ത് തടിച്ച് എപ്പോഴും ചിരിച്ച് കൊണ്ട് ഓടി നടന്നിരുന്ന എന്നെ

എല്ലാവരും വിളിച്ചിരുന്നത് പുഞ്ചു എന്നാണ്.പുഞ്ചു എന്നാ കളിപ്പേരിനേപ്പറ്റി

പറയുമ്പോൾ.    കോവിലകത്തെ മുത്തശ്ശിതമ്പുരാട്ടി അടുത്തേക്ക്

വിളിച്ചു,നിന്റെ പേരെന്താ കുട്ട്യേ? ഞാൻ ഒന്നും മിണ്ടിയില്ല. എന്റെ കയ്യിൽ ചുട്ട

പുളിങ്കുരു ഉണ്ടായിരുന്നു. അത് കണ്ടിട്ട് മുത്തശ്ശിത്തമ്പുരാട്ടി ചിരിച്ചുകൊണ്ട്

ചോദിച്ചു, കുട്ട്യേ, നിന്റെ കൈയ്യിലെന്താ ഞാൻ പറഞ്ഞു പുഞ്ചുളുരു എന്ന്.

മുത്തശ്ശിതമ്പുരാട്ടിക്ക് എന്നിലെ കുട്ടിത്തം ഇഷ്ട്ടമായിരിക്കണം അവർ

ചിരിച്ചുകൊണ്ട് ഉറക്കെപ്പറഞ്ഞു  ഞാൻ ചോദിച്ചപ്പോ കുട്ടിക്ക്

പേരില്ലായിരുന്നു.ഇവൾക്ക് ഞാൻ പേരിടുന്നു പുഞ്ചു.

ഹാ...ഹാ...ഹാ.....ഹാ....

മുത്തശ്ശിതമ്പുരാട്ടി അനുഗ്രഹിച്ച് കഴിക്കാനായി ഒരു പഴവും തന്നു.

ആദ്യ കാലങ്ങളിൽ പുഞ്ചുളുരുവെന്ന പേരിനോട് വെറുപ്പ് ഉണ്ടായിരുന്നു.

എങ്കിലും ഇന്ന് ആൾക്കൂട്ടത്തിൽ നിന്ന്  ആ വിളിക്കായി ഞാൻ

കാതോർക്കാറുണ്ട്.

little KITEs

പള്ളിക്കൂടം അടച്ചു വിവിധ തരം കളികളുടെ ലോകത്തേക്ക് എല്ലാവരേയും തുറന്ന് വിട്ടിരിക്കുന്നു എനിക്ക് ഏറെ നേരം കളികളിൽ ഏർപ്പെടുവാൻ സാധിക്കയില്ല. കുഞ്ഞനുജനെ നോക്കണം .അവനെ പെരുത്ത് ഇഷ്ട്ടമാണ് കുട്ടികുറുമ്പൻ എന്നാണ് ഞാൻ വിളിച്ചിരുന്നത് അവന്റെ കുഞ്ഞുകൈകളിലെ നഖങ്ങൾ കൊണ്ട് ഒരുനാൾ എന്റെ മൂക്കിന് പിടിച്ചു നഖക്ഷതങ്ങൾ കണ്ണുകൾ നിറഞ്ഞു. ഓർമ്മകൾ നിറഞ്ഞ ബാല്യകാലസ്മരണകളിലേക്ക് എത്തിനോക്കുമ്പോൾ കണ്ണുകൾ ഈറനണിയാറുണ്ട്. കുട്ടികുറുമ്പന് വേണ്ടി പശുവിൻപാൽ വാങ്ങുവാനായി എല്ലാ ദിവസവും ചായക്കടക്കാരൻ സത്യൻ ചേട്ടന്റെ പീടികയിൽ പോകാറുണ്ട് പാലുവാങ്ങാൻ പറഞ്ഞാൽ പാത്രവുമായി ഒറ്റ ഒട്ടമാണ്.സമയലാഭത്തിന് വേണ്ടിയാണ് അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ഓട്ടം .കാര്യം ഗ്രഹിക്കാതെ എനിക്ക് വട്ടാണെന്ന് ആരും നിനച്ചേക്കരുത്.

നാട്ടിൽ സത്യൻചേട്ടന്റെ പീടികയിൽ മാത്രമെ റേഡിയോ ഉള്ളു .

ചായകുടിക്കുവാനും പലഹാരങ്ങൾ കഴിക്കുവാനും ധാരാളം ജനങ്ങൾ ഈ പീടികയെ ആശ്രയിച്ചിരുന്നു. അല്ല !!! ഓണത്തിനിടയിൽ പൂട്ടുച്ചവടം എന്ന പോലെ പാലു വാങ്ങുന്നതോടൊപ്പം റേഡിയോ കേൾക്കാം ഇപ്പോൾ മനസ്സിലായോ എന്റെ ഓട്ടത്തിന്റെ ലക്ഷ്യം പലപ്പോഴും റേഡിയോയിൽ ചലച്ചിത്രഗാനത്തിനിടെ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട് ,പാടിയത് യേശുദാസ്

പി ഭാസ്കരന്റെ വരികൾക്ക് ഈണം നൽകിയത്........യേശുദാസ്

പി. ലീല. –

എസ്. ജാനകി. എന്നിങ്ങനെയുള്ള പാട്ടുകാരുടെ പേരുകൾ മനസ്സിൽ പതിഞ്ഞിരുന്നു. പാട്ടുകാർ എല്ലാവരും റേഡിയോയിൽ ഒളിച്ചിരിക്കുന്നു എന്നാണ് ബലമായ സംശയം. ചോദ്യരൂപേണ മറ്റുള്ളവരോട് ചോദിച്ചിട്ടുണ്ട്,പക്ഷേ അവർക്കാർക്കും കൃത്യമായ ഉത്തരം ഇല്ല. ചിന്തകൾക്ക് കടിഞ്ഞാണിട്ടത് പ്രധാനാധ്യാപകൻ ചൂരൽ മാഷ് മാത്രം.

എന്നിലെ ചിന്തകൾ കാടു കയറിയിരിക്കുന്നു. അല്ല!!!റേഡിയോയിലൂടെ മറ്റൊരു ലോകത്ത് എത്തിച്ചിരുന്നു സ്ഥലകാലബോധം നഷ്ട്ടപ്പെട്ടിരിക്കുന്നു. ആകാശവാണി വാർത്തകൾ വായിക്കുന്നത് രാമചന്ദ്രൻ!!! ആരാണി രാമചന്ദ്രൻ? ഭൂമിയിൽ നടക്കുന്ന വാർത്തകൾ എല്ലാം സമയാസമയങ്ങളിൽ അറിയുവാൻ ദൈവം മാത്രം എങ്കിൽ  രാമചന്ദ്രൻ ദൈവമായിരിക്കും എന്റെ മനസ്സ് ആകെ കലുഷിതമായിരുന്നു .പാൽപാത്രവുമായി തിരികെ നടക്കുന്നുണ്ട്. അല്ല !!! മാസ്മരിക ലോകത്ത് പറക്കുകയല്ലേ ?പടിഞ്ഞാറ്റത്തിലെ അമ്മിണി ഏട്ടത്തിയുടെ നായയുടെ കുര കേട്ട് ഞാൻഞെട്ടി . എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. സ്ഥലകാലബേധം നഷ്ടപ്പെട്ടിരിക്കുന്നു . എന്റെ കരച്ചിൽ .... നായയുടെ കുര .... ആകെ ഒരു ബഹളം.ഞാൻഓടി.എവിടേക്കെന്നോ ഏത് ദിക്കിലേക്കെന്നോ അറിയില്ല.നായയുടെ കുര വീണ്ടും കേൾക്കുന്നു. കാലുകൾക്ക് ബലക്ഷയം സംഭവിച്ചിരിക്കുന്നു എങ്കിലും വേഗത്തിൽ ഓടി

പിൻവശത്ത് വീണ്ടും നായയുടെ കുര എന്തൊക്കെയോ എന്നിൽ താഞ്ഞുകയറി ചുറ്റും അയൽവാസികൾ കൂടിയിരിക്കുന്നു

Little KITEs

ആരൊക്കെയോ എന്നെ പിടിച്ച് എഴുന്നേൽപ്പിച്ചു.ചുറ്റുമുള്ളവർ ഇങ്ങനെ പറയുന്നത് കേട്ടു പുഞ്ചു പേടിച്ചു പോയി, ചീഞ്ഞ് നാറിയ മണം എന്റെ മൂക്കിനെ കാര്യമായി ശല്യപ്പെടുത്തിയപ്പോൾ ഒരു കാര്യം മനസ്സിലായി,മാസ്മരിക ലോകത്ത്

സഞ്ചരിച്ചിരുന്നപ്പോൾ  ചങ്ങലയ്ക്ക് തളച്ചിരുന്ന നായയുടെ കുര പെട്ടെന്ന് കേട്ട് പ്രാണനും കൊണ്ട്  ഓടി വീണത് അഴുക്ക് നിറഞ്ഞ് ചീഞ്ഞുനശിച്ച തോട്ടിലാണ് അപ്പോഴും കുട്ടിക്കുറുമ്പന്റെ പാൽ പാത്രത്തിന്റെ പിടി വിട്ടിരുന്നില്ല. വർഷത്തിൽ വല്ലപ്പോഴും ആ സംഭവം ഇന്നലെ കഴിഞ്ഞപോലെ തോന്നും.

ദിവ്യ സുബി.

# Motivational Quotes



It always seems impossible until its done.

Nelson Mandela

Aim for a moon. If you miss you may hit a star.




W. ClementStone



Nothing works unless you do

Maya Angelou



Opportunity is missed by most people because it is dressed in overalls and looks like work

Thomas Edison



When you go in search of honey you must expect to be stung by bees

Joseph Joubert

little KITEs

# GRIEF



The sky is crying
as if it had lost companion
But no one cares about its pain
The earth has became blind
And the darkness is every where
The creatures on the earth
Seems to be delighted
cos` the sky is crying
And they,so they,can quench their thirst
It seems to be like some one
Is delighted,by some ones pain
**The sky continues to cry.**

**Divya P T**



# A Dream

I'm flying among with clouds ;
nobody is with me ,
except my loneliness
But I  feel very much excited
so that I don't feel the loneliness
I'm flying and flying
Hei ' stop ! Shadow of something
I turned round and round
But can't find anything
I countinued my voyage
Now i see many thing among the clouds
Many beautiful thing ,
Many strange things ,
beyond description arounding my curiosity

I countinued to fly
What is that ?
I'm familiar to it ,
I know it,
I stopped beside it

**It looked like a space craft ,**

**No , like a big building**

**I ' decided  to climb it**

**ignoring the half way up**

**I turned to look behind**

**Oh ! I'm falling , No ......**

**Now I'm on the ground .**

**And I find myself on the floor,**

**of my house**

**beside my bed and**

**When I opened my eyes**

**I saw my parents around**

**They always praise my “Eccentric Dreams”**

**Divya P T**

little KITEs

# നന്ദി...